**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 948** **06-02-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ ബഫർ സോൺ മേഖലകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളാണ് ബഫർ സോൺ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ പ്രദേശങ്ങളാണ് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നത്. |
| (ബി) | ബഫർ സോൺ പരിധിയിൽ വരുന്ന മണ്ഡലത്തിലെ ജനവാസ മേഖലയിലെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര കുടുംബങ്ങൾക്കാണ് ഇതുമായി ബന്ധപ്പെട്ട പരാതി നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ പ്രദേശങ്ങളാണ് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നത്. ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട പരാതിയിൽ പഞ്ചായത്തുകളിലെ വാർഡ് അടിസ്ഥാനത്തിൽ രൂപീകൃതമായ ഹെൽപ്പ് ഡെസ്കുകൾ വഴിയാണ് പരിശോധന നടത്തിയത്. അപേക്ഷകൾ സ്വീകരിച്ചതും ക്രോഡീകരിച്ചതും ഹെൽപ്പ് ഡെസ്ക്കുകൾ വഴിയാണ്. ഇതിൽ റവന്യൂ വനം വകുപ്പ് ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് & എൺവയോൺമെൻറ് സെന്റർ തയ്യാറാക്കിയ അസറ്റ് മാപ്പർ എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ചാണ് പരാതിയിൽ വിവരിക്കുന്ന കെട്ടിടങ്ങൾ ഉൾപ്പടെയുള്ള വിവരങ്ങൾ ശേഖരിച്ച് നൽകിയത്. ഇതിനായി തിരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് ഓൺലൈൻ ആയി പരിശീലനം നൽകിയത് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് & എൺവയോൺമെൻറ് സെന്റർ ആണ്. കൂരാച്ചുണ്ട് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 928 അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൽ പരാതികൾ മുഴുവനും പരിശോധന നടത്തി അസറ്റ് മാപ്പറിൽ അപ് ലോഡ് ചെയ്ത് പരിഹരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ